**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **28-01-2026 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ എന്തൊക്കെയെന്നും തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (എ) | **കെ.എസ്.ഇ.ബി.എൽ**<br><br>മാവേലിക്കര നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി അറുപത്തി ഒന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ ചിലവിൽ 136 kW സ്ഥാപിത ശേഷിയിൽ 23 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ IPDS പദ്ധതിയിൽ നാല്പത്തി രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ ചിലവിൽ 95 kW സ്ഥാപിത ശേഷിയിൽ 3 സോളാർ പ്ലാന്റുകളും കമ്മീഷൻ ചെയ്തിട്ടുണ്ട്.<br>മാവേലിക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 2,23,120/- രൂപ ചിലവിൽ 8 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ 63 കോടി 60 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. അതിന്റെ വിശദവിവരങ്ങൾ **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു.<br><br>കൂടാതെ ദ്യുതി 2.0 പദ്ധതിയിലെ 2025-26 കാലയളവിലെ 164 വർക്കുകളിലായി 13.48 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ 2016 മുതൽ നാളിതു വരെ പ്രസരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിയ്ക്കുമായി ചിലവഴിച്ച തുകയും<br><br>• 220 കെവി സബ്സ്റ്റേഷൻ ഇടപ്പോണിൽ പുതുതായി 16 എംവിഎ ശേഷിയുള്ള ഒരു 110 /33 കെ വി ട്രാൻസ്ഫോർമർ സ്ഥാപിച്ചു കൊണ്ട് സബ്സ്റ്റേഷന്റെ 33 കെവി സൈഡിലെ ശേഷി നിലവിലെ 16 എംവിഎ |

യിൽ നിന്നു 32 എംവിഎ ആയി വർദ്ധിപ്പിച്ചു. ഭരണാനുമതി തുക : 278.07 ലക്ഷം.

- 33 കെവി സബ്സ്റ്റേഷൻ വള്ളികുന്നത്ത് പുതുതായി 5 എംവിഎ ശേഷിയുള്ള ഒരു 33/11 കെവി ട്രാൻസ്ഫോർമർ സ്ഥാപിച്ചു കൊണ്ട് സബ്സ്റ്റേഷന്റെ ശേഷി നിലവിലുണ്ടായിരുന്ന 5 എംവിഎ യിൽ നിന്നു 10 എംവിഎ ആയി വർദ്ധിപ്പിച്ചു. ഭരണാനുമതി തുക : 100 ലക്ഷം
- 33 കെവി സബ്സ്റ്റേഷൻ വള്ളികുന്നത്ത് പുതുതായി 5 എംവിഎ ശേഷിയുള്ള ഒരു 33/11 കെവി ട്രാൻസ്ഫോർമർ സ്ഥാപിച്ചു കൊണ്ട് സബ്സ്റ്റേഷന്റെ ശേഷി നിലവിലെ 10 എംവിഎ യിൽ നിന്നു 15 എംവിഎ ആയി വർദ്ധിപ്പിച്ചു. ഭരണാനുമതി തുക : 235 ലക്ഷം
- ഇടപ്പോൺ 220 കെ.വി സബ്സ്റ്റേഷനിൽ പുതുതായി രണ്ടു 220 കെ.വി ഫീഡർ ബേകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഭരണാനുമതി തുക : 850 ലക്ഷം
- ഇടപ്പോൺ മുതൽ മാവേലിക്കര വരെയുള്ള 10.82 കിമീ 66 കെവി ലൈൻ 110 കെവി ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഭരണാനുമതി തുക : 2085 ലക്ഷം
- മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഭാഗീകമായി വരുന്ന പള്ളം മുതൽ മാവേലിക്കര വരെയുള്ള 66 കെവി ലൈനിന്റെ മാവേലിക്കര മുതൽ തിരുവല്ല വരെയുള്ള 66 കെവി ലൈൻ 110 കെവി ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഭരണാനുമതി തുക : 2625 ലക്ഷം
- ഇടപ്പോൺ 220 കെ.വി സബ്സ്റ്റേഷനിലെ 66 കെ.വി ബസ് & ഫീഡർ ബേകൾ 110 കെ.വി ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഭരണാനുമതി തുക : 1560 ലക്ഷം
- മാവേലിക്കര 110 കെവി സബ്സ്റ്റേഷനിലെ 66 കെവി ഫീഡർ & ട്രാൻസ്ഫോർമർ ബേകൾ 110 കെവി ആയി ശേഷി വർദ്ധിപ്പിച്ചു കൊണ്ടുള്ള സ്റ്റേഷന്റെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമിട്ടുള്ള പ്രവൃത്തി തുടങ്ങുന്നതിനായുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുകയാണ് . ഭരണാനുമതി തുക : 2300 ലക്ഷം
- 220 കെവി സബ്സ്റ്റേഷൻ ഇടപ്പോണിൽ നിലവിലെ മൂന്ന് എണ്ണം 66/11 കെവി 10 എംവിഎ ട്രാൻസ്ഫോർമറുകൾക്ക് പകരമായി മൂന്ന് എണ്ണം 110 / 11 കെവി 20 എം വി എ

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് സ്റ്റേഷൻ കപ്പാസിറ്റി (11 കെ വി സൈഡ്) നിലവിലെ 30 എം.വി എ യിൽ നിന്ന് 60 എം.വി എ ആക്കുന്ന പ്രവൃത്തി ഭരണാനുമതി ഘട്ടത്തിലാണ്. ഭരണാനുമതി തുക : 1156 ലക്ഷം<br>• **<u>അനെർട്ട്</u>**<br><br>2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളും, തുകയുടെ വിശദാംശങ്ങളും **അനുബന്ധം-II** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം–I**

| **2016-17 മുതൽ പൂർത്തീകരിച്ച പദ്ധതികൾ** | **തുക (in crores)** |
|---|---|
| DDUGJY | 3.47 |
| IPDS | 4.47 |
| Dyuthi 1 (2018-2022) | 24.437 |
| Dyuthi 2 - പൂർത്തീകരിച്ചത് (2022-2025) | 15.00 |
| വർക്ക് ഡിപ്പോസിറ്റ് - പടനിലം ക്ഷേത്രം | 1.3477 |
| വർക്ക് ഡിപ്പോസിറ്റ് - ചുനക്കര ക്ഷേത്രം | 0.6823 |
| Unplanned Capital works | 3.14 |
| MLA fund | 0.1166 |
| സമ്പൂർണ വൈദ്യുതീകരണം 2017 | 0.607 |
| സൗര ഫേസ് - 1 | 0.7771 |
| BPL കണക്ഷൻ | 1.4797 |
| EVചാർജിങ് സ്റ്റേഷൻ | 0.028 |
| PPS | 4.098 |
| RDSS | 3.95 |
| **ആകെ മൊത്തം തുക** | **63.6034** |

അനുബന്ധം-II

## 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളും, തുകയുടെ വിശദാംശങ്ങളും

| Sl. No. | INSTITUTION | PROJECT | CAPACITY (kW) | DEPOSITED AMOUNT | WORK ORDER AMOUNT (Without ANERT Service Charge) | CURRENT STATUS |
|---|---|---|---|---|---|---|
| 1 | Palamel Grama Panchayath | Off Grid Power Plant | 10 | 9,81,630 | 9,27,844 | Warranty Expired |
| 2 | Mavelikara Muncipality | On Grid /Off Grid Power Plant | 20+3 | 19,85,500 | 15,64,938 | Warranty Expired |
| 3 | Mavelikara Taluk Hospital | On Grid Power Plant | 20 | 14,96,000 | 10,80,840 | Warranty Expired |
| 4 | Arunoottimangalam State Seeds Farm | Street Lighting System | 7 Nos | 4,88,950 | 4,44,500 | Working |
| 5 | Mavelikara Thekkekara GramaPanchayath | On Grid Power Plant | 10 | 7,97,300 | 6,56,320 | Working |
| 6 | Chunakkara Grama Panchyath | Hybrid Power Plant | 10 | 13,50,000 | 12,22.008 | Working |
| 7 | Mavelikara Thekkekara GramaPanchayath | On Grid Power Plant | 17 | 15,42,200 | 11,51,800 | Working |
| 8 | Mavelikara Thekkekara GramaPanchayath | Street Lighting System | 14 Nos | 5,86,850 | 7,81,057 | Ongoing |
| 9 | Arunoottimangalam State Seeds Farm | On Grid Power Plant | 4 | 2,64,399 | 2,40,363 | Working |